(എ) സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ പുറംവാതിൽ നിയമനങ്ങൾ നടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ നിലവിലുള്ളപ്പോൾ അതുവഴിയല്ലാതെ വകുപ്പുകളിൽ നിയമനങ്ങൾ നടക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ആ പരാതികളിൻമേൽ നടപടികൾ സ്വീകരിക്കുമോ;

(ഡി) പി. എസ്. സി.-യോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചോ വഴിയല്ലാതെ നേരിട്ട് നിയമനം നടത്തുകയും ദീർഘനാൾ ആ തസ്തികയിൽ തുടരുവാൻ അനുവാദം നൽകുകയും ചെയ്യുന്ന ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പി.എസ്.സി.-യോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ അല്ലാതെ ചില നിയമനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) സ്വീകരിച്ചുവരുന്നു.

(ഡി) സ്വീകരിക്കുന്നതാണ്.

തയ്യൽ തൊഴിലാളി ക്ഷേമനിധി സർക്കാർ വിഹിതം കുടിശ്ശിക

57 [5613] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തയ്യൽത്തൊഴിലാളി ക്ഷേമനിധിയിലേയ്ക്ക് സർക്കാരിന്റെ വിഹിതമായി എത്ര തുക നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ; ഇതിൽ കുടിശ്ശിക വന്നിട്ടുണ്ടോ; എങ്കിൽ എത്ര യെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈയിനത്തിൽ എത്ര തുക നൽകിയിട്ടുണ്ട്;

(സി) ക്ഷേമനിധി വിഹിതം നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) സർക്കാരുമായുണ്ടായ ധാരണപ്രകാരം എത്ര രൂപയാണ് അംശദായം സർക്കാർ വിഹിതമായി നിശ്ചയിച്ചിരുന്നത്;

(ഇ) അംശദായം വർദ്ധിപ്പിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(എഫ്) തയ്യൽ തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തെല്ലാം ആവശ്യങ്ങളാണ് അവർ മുന്നോട്ടു വച്ചിട്ടുള്ളത്;

(ജി) ഏതെല്ലാം ആവശ്യങ്ങളാണ് സർക്കാരിന്റെ പരിഗണനയിലുള്ളത്;

(എച്ച്) നിലവിലുള്ള പെൻഷൻ തോത് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തയ്യൽ തൊഴിലാളി ക്ഷേമനിധിയിലേയ്ക്ക് സർക്കാരിന്റെ വിഹിതമായി 1997-98 മുതൽ 1,19,81,507 രൂപ കൊടുക്കാനുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒരു ലക്ഷം രൂപ സർക്കാർ വിഹിതമായി നൽകിയിട്ടുണ്ട്.

(സി) ഫണ്ടിന്റെ ലഭ്യതയ്ക്കും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിക്കും അനുസൃതമായി അതാതു വർഷങ്ങളിൽ വകയിരുത്താറുള്ള തുക നൽകി വരുന്നുണ്ട്. 2001-02 സാമ്പത്തിക വർഷം, ബോർഡിന്റെ ആഡിറ്റഡ് സ്റ്റേറ്റ്മെന്റ് സിന്റെ അഭാവത്തിൽ ഗ്രാന്റ് അനുവദിച്ചു നൽകുന്നതിനുള്ള പ്രൊപ്പോസൽ നിരസിച്ചിരുന്നു.

(ഡി) 1994-ലെ തയ്യൽത്തൊഴിലാളി ക്ഷേമനിധി നിയമത്തിന്റെ 7-ാം വകുപ്പിന്റെ 4-ാം ഉപവകുപ്പ് പ്രകാരം തയ്യൽ തൊഴിലാളികളും സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ആളുകളും ഒരു വർഷം നൽകിയ അംശദായത്തിന്റെ 10%-നു തുല്യമായ ഒരു തുക നിധിയിലേയ്ക്ക് ഗ്രാന്റായി നൽകേണ്ടതുണ്ട്.

(ഇ) ഉണ്ട്.

(എഫ്) തയ്യൽത്തൊഴിലാളികൾക്ക് നൽകിവരുന്ന പെൻഷൻ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുക, തയ്യൽത്തൊഴിലാളികളെ ഇ. എസ്. ഐ. സ്കീമിൽ ഉൾപ്പെടുത്തുക, 60 വയസ്സ് കഴിഞ്ഞ് ഒരു പദ്ധതിയിലും ചേരാൻ കഴിയാതെ കഷ്ടപ്പെടുന്ന മുഴുവൻ തയ്യൽ തൊഴിലാളികൾക്കും പെൻഷൻ നൽകുന്നതിന് നിയമത്തിൽ ഭേദഗതി വരുത്തുക, തയ്യൽ തൊഴിൽ കൈത്തൊഴിലായി അംഗീകരിക്കുക, തയ്യൽത്തൊഴിലാളി ക്ഷേമനിധി ബോർഡ് പുനഃസംഘടിപ്പിക്കുക തുടങ്ങിയവയാണ് തയ്യൽത്തൊഴിലാളികൾ മുന്നോട്ടു വച്ചിട്ടുള്ള ആവശ്യങ്ങൾ.

(ജി) തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പുനഃസംഘടിപ്പിക്കൽ, മാരകമായ രോഗങ്ങൾ ബാധിച്ചവർക്കുള്ള ചികിൽസാ ധനസഹായ പദ്ധതി, മരണാനന്തരാനുകൂല്യങ്ങൾ ലഭിക്കുന്നതിന് കുടുംബത്തിന്റെ നിർവ്വചനത്തിന് ഭേദഗതി വരുത്തി സഹോദരീ-സഹോദരന്മാരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ഭേദഗതി നിർദ്ദേശം തുടങ്ങിയവയാണ് പരിഗണനയിലുള്ള ആവശ്യങ്ങൾ.

(എച്ച്) ഇപ്പോൾ പരിഗണനയിലില്ല.

ക്ഷേമനിധി പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിലെ കാലതാമസം

58 [5614] ശ്രീ. എൻ. ഡി. അപ്പച്ചൻ:
ശ്രീമതി രാധാരാഘവൻ:
ശ്രീ. ലൂഡി ലൂയിസ്:
,, കെ. എ. ചന്ദ്രൻ:
ശ്രീമതി മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly